# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ഡിസംബർ**

**DECEMBER 25 2016**



**ശബരിമല പത്രക്കുറിപ്പ്**

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


---

## ജീവിതത്തിലേക്ക് വിസിൽമുഴക്കി ശബരിമലയിലെ സ്ട്രച്ചർ സർവീസ്

ശബരിമല: സൂചികുത്താൻ ഇടമില്ലാത്തവിധം തിരക്കിലമരുന്ന ശബരിമലയിലെ പ്രധാനവീഥികളിലൂടെ വിസിലൂതി അതിവേഗം പായുന്ന ഒരുവിഭാഗം എല്ലാവരാലും ശ്രദ്ധിക്കപ്പെടും. ശബരിമലയിൽ സ്ട്രച്ചർ സർവീസ് നടത്തുന്ന ചെറുപ്പക്കാർ. സന്നിധാനത്തോ തിരുമുറ്റത്തോ വരിനിൽക്കുന്നവർക്ക് ശാരീരികാസ്വാസ്ഥ്യമോ നെഞ്ചുവേദനയോ അടിയന്തര വൈദ്യസഹായമോ ആവശ്യമായി വന്നാൽ അവരെ എത്തിക്കാനായി 24 മണിക്കൂറും സജ്ജമായിട്ടുള്ള അയ്യപ്പസ്വാമിയുടെ സേവകരാണിവർ.

അഖിലഭാരത അയ്യപ്പസേവാ സംഘമാണ് ശബരിമലയിലെ സ്ട്രച്ചർ സർവീസ് നടത്തുന്നത്. അടിയന്തര സഹായം വേണ്ടിവന്നാൽ അവിടേക്ക് സ്ട്രച്ചറുമായി നാലുപേർ എത്തും. തിരക്കിനിടയിൽ വഴിതെളിക്കാൻ മൂന്നുപേർ മുന്നിലോടും. ഒരാൾ വിസിൽ ഉച്ചയിൽ ഊതിക്കൊണ്ടിരിക്കും. സന്നിധാനത്തുനിന്ന് തൊട്ടടുത്തുള്ള ആശുപത്രി മതിയാകാതെ വന്നാൽ പലപ്പോഴും മലയിറങ്ങി പമ്പയിലേക്ക് പോകേണ്ടതായി വരും. തുടക്കകാലം മുതൽ സ്ട്രച്ചർ സർവീസ് നടത്തി

വരുന്നതായി അഖിലഭാരത അയ്യപ്പസേവാസംഘം സെൻട്രൽ വൈസ് പ്രസിഡന്റും സന്നിധാനത്തെ മുഴുവൻ സമയപ്രവർത്തകനുമായ പി. ബാലൻ പറഞ്ഞു.

സ്ട്രച്ചർ സർവീസിന് മാത്രമായി പോലീസിന് ഒരു വയർലെസ് പോയിന്റ് ഉണ്ട്. കൂടാതെ 04735 202043 എന്ന നമ്പരിൽ വിളിച്ചാൽ സ്ട്രച്ചർ സർവീസ് ലഭ്യമാണ്. ഏതെങ്കിലും സ്ഥലത്ത് അടിയന്തര സാഹചര്യം ഉണ്ടായാൽ വയർലെസ് വഴി നിമിഷങ്ങൾക്കകം സ്ട്രച്ചർ സ്ഥലത്ത് എത്തും.

നീലിമല മുതൽ സ്ട്രച്ചർ സർവീസ് തുടങ്ങും. നീലിമല താഴെ, ടോപ്പ്, അപ്പാച്ചിമേട്, ലക്ഷ്മി ഹോസ്പിറ്റൽ, മരക്കൂട്ടം, ശരംകുത്തി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സൗകര്യം ലഭ്യമാണ്. പോലീസും അയ്യപ്പസേനാ സംഘവും സഹകരിച്ചാണ് സ്ട്രച്ചർ സർവീസ് നടത്തുന്നത്. 450 വോളിന്റിയേഴ്സാണ് സേവനരംഗത്തുള്ളത്. വോളിന്റിയേഴ്സിന് താമസസൗകര്യം, ഭക്ഷണം എന്നിവ കൂടാതെ യാത്രാ അവൻസും നൽകും. മികച്ച ശാരീരികക്ഷമതയുള്ളവർക്ക് മാത്രമേ സ്ട്രക്ചറും വഹിച്ച് മലകയറാനും ഇറങ്ങാനും സാധിക്കൂ.

## പുണ്യംപൂങ്കാവനം യഞ്ജത്തിലെ പങ്കാളിത്തം മാതൃകാപരം: ജില്ലാ കളക്ടർ

**- സന്നിധാനത്തെ ശുചീകരണ പ്രവർത്തനങ്ങളിൽ കളക്ടർ പങ്കാളിയായി**

ശബരിമല: ശബരിമലയെ മാലിന്യവിമുക്തവും പ്ലാസ്റ്റിക്രഹിതവുമാക്കാനുള്ള പുണ്യംപൂങ്കാവനം ശുചീകരണയജ്ഞവും പങ്കാളിത്തവും മാതൃകാപരമാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ ആർ. ഗിരിജ പറഞ്ഞു. സന്നിധാനത്ത് ശുചീകരണ പ്രവർത്തനങ്ങളിൽ കളക്ടർ പങ്കാളിയായി.

ദ്രുതകർമസേനയുടെ 80 അംഗ ട്രെയിനികൾ സന്നിധാനത്തെ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു. കോയമ്പത്തൂരിൽനിന്നുള്ള ബറ്റാലിയനാണ് സന്നിധാനത്തെത്തിയത്. ദേശീയ ദുരന്തനിവാരണ സേന, പൊലീസ്, എക്സൈസ്, ദേവസ്വം ഉദ്യോഗസ്ഥരും ശുചീകരണപ്രവർത്തനങ്ങളിൽ പങ്കെടുത്തു. പുണ്യംപൂങ്കാവനം കോ-ഓർഡിനേറ്ററായ എ.സി.പി. എം. രമേശ് കുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് ബി. രാജചന്ദ്രൻ, പുണ്യംപൂങ്കാവനം ഓഫീസർ ഇൻ ചാർജായ സി.ഐ. എസ്. മോഹൻ കുമാർ എന്നിവർ പങ്കെടുത്തു. വിവിധ വകുപ്പ് ഉ

ദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ സർക്കാരും ദേവസ്വം ബോർഡും ചേർന്നാണ് പുണ്യംപൂങ്കാവനം നടപ്പാക്കുന്നത്.

## അറിയിപ്പ് ആറുഭാഷയിൽ; ശ്രീനിവാസിന് ഇത് അയ്യപ്പസേവ

ശബരിമല: സന്നിധാനത്ത് തിരക്കിൽപ്പെട്ട് വഴിതെറ്റുന്നവർ ഏതു ഭാഷക്കാരായാലും കൂട്ടത്തിലുള്ളവരെ കണ്ടെത്താൻ ഒരു ശബ്ദം മതി ശ്രീനിവാസിന്റേത്. പബ്ലിസിറ്റി-ഇൻഫർമേഷൻ ഓഫീസിലൂടെ ആറു ഭാഷകളിലാണ് ശ്രീനിവാസ് അനൗൺസ്മെന്റ് നടത്തുന്നത്.

ബംഗളുരു മേടഹള്ളി സ്വദേശിയായ ശ്രീനിവാസ് 16 വർഷമായി അനൗൺസറായി സേവനമനുഷ്ഠിക്കുന്നു. കന്നഡ മാതൃഭാഷയാണെങ്കിലും തമിഴ്, തെലുങ്കു, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, എന്നീ ഭാഷകളിലാണ് ശബരിമലയിലെത്തുന്ന കോടിക്കണക്കിന് ഭക്തജനങ്ങൾക്ക് സന്നിധാനത്തെ അറിയിപ്പുകൾ നൽകുന്നത്.

ശബരിമലയിലെത്തി കൂട്ടംതെറ്റിപ്പോകുന്ന അയ്യപ്പഭക്തന്മാരെ മൈക്ക് അനൗൺസ്മെന്റിലൂടെ കൂട്ടിയോജിപ്പിക്കുന്നു. സംശയങ്ങൾക്ക് നേരിട്ടും ടെലിഫോണിലൂടെയും മറുപടി നൽകുക, അയ്യപ്പന്മാർ അറിഞ്ഞിരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ആചാരാനുഷ്ഠാനങ്ങൾ, സന്നിധാനത്തെയും പമ്പയിലെയും പൂജകൾ, വഴിപാടുകൾ, വിവിധ വകുപ്പുകൾ നൽകുന്ന വിവരങ്ങൾ എന്നിവ ഭക്തരിൽ എത്തിക്കുക, കളഞ്ഞുകിട്ടുന്ന സാധനങ്ങൾ ഉടമസ്ഥനിൽ തിരികെയെത്തിക്കുക എന്നിവയാണ് അനൗൺസ്മെന്റിലൂടെ ചെയ്യുന്നത്.

ബി.എസ്.എഫ്. ജവാനായിരുന്ന ശ്രീനിവാസ് വിരമിച്ചശേഷം നാട്ടിലെത്തി ഓട്ടോഡ്രൈവറായും സെക്യൂരിറ്റി ജീവനക്കാരനായും വിവിധ സ്ഥലങ്ങളിൽ ജോലിനോക്കി. ഇതിനിടയിൽ എപ്പോഴോ തുടങ്ങിയ മദ്യപാനശീലം ശബരിമലയിൽ എത്തി അയ്യപ്പസ്വാമിയുടെ ദർശനം ലഭിച്ചശേഷം പൂർണമായി ഉപേക്ഷിച്ചു.

മദ്യാസക്തിയിൽനിന്ന് മുക്തനായശേഷം നാട്ടിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ വ്യാപൃതനാണ്. ലഹരിവിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചും ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിച്ചും മദ്യപന്മാരെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ സജീവമാണ്. കർണ്ണാടക അയ്യപ്പസേവാസംഘം സെക്രട്ടറി മുഖേനയാണ് ശബരിമല ദേവസ്വം പബ്ലിക് റിലേഷൻ ഓഫീസിൽ സേവനത്തിനെത്തിയത്. ഭാര്യയും ര

ണ്ടു പെൺമക്കളും അടങ്ങുന്നതാണ് കുടുംബം. ശേഷിക്കുന്നകാലം ശബരിമല സേവനവും മദ്യവിരുദ്ധ പ്രവർത്തനവുമായി ജീവിതം കഴിച്ചുകൂട്ടാനാണ് ശ്രീനിവാസിന്റെ ആഗ്രഹം.

## ജില്ലാ കളക്ടർ സന്നിധാനത്തെ മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തി

സന്നിധാനത്തെ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ജില്ലാ കളക്ടർ ആർ. ഗിരിജ സന്ദർശിച്ചു. സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം വിലയിരുത്തി. ജീവനക്കാരുമായി സംസാരിച്ച് സംസ്ക്കരണ പ്ലാന്റിലെ പ്രവർത്തനങ്ങൾ ചോദിച്ചറിഞ്ഞു. സന്നിധാനത്തെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് മാലിന്യശേഖരണമടക്കമുള്ള പ്രവർത്തനങ്ങൾ നോക്കിക്കണ്ടു. അന്നദാന മണ്ഡപവും കളക്ടർ സന്ദർശിച്ചു. പുണ്യംപൂങ്കാവനം കോ-ഓർഡിനേറ്ററായ എ.സി.പി. എം. രമേശ് കുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് ബി. രാജചന്ദ്രൻ എന്നിവർ ഒപ്പമുണ്ടായിരുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**ഡിസംബർ**

**DECEMBER 25 2016**

## ശബരിമല പത്രക്കുറിപ്പ് 2



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


## മാളികപ്പുറത്ത് തിക്കിലും തിരക്കിലും 17 പേർക്ക് പരുക്ക്; സ്ഥിതി നിയന്ത്രണവിധേയമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ

**- ഏഴു പേരെ വിദഗ്ധ ചികിത്സയ്ക്കായി പമ്പയിലേക്കു മാറ്റി**
**- പരുക്കേറ്റവർക്ക് സൗജന്യ ചികിത്സ**

സന്നിധാനത്തെ മാളികപ്പുറത്ത് തിക്കിലും തിരക്കിലും പെട്ട് 17 പേർക്കു പരുക്കേറ്റതായും സ്ഥിതി നിയന്ത്രണ വിധേയമാണെന്നും ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സന്നിധാനത്ത് ആശുപത്രിയിൽ പരുക്കേറ്റവരെ സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

പരുക്കേറ്റവരിൽ ഏഴു പേരെ വിദഗ്ധ ചികിത്സയ്ക്കായി പമ്പയിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ ആന്ധ്ര സ്വദേശിയായ വിദ്യാർഥിയുടെ സ്ഥിതിയിൽ മാത്രമാണ് നേരിയ ആശങ്കയുള്ളത്. മറ്റുള്ളവരുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. മികച്ച ചികിത്സ ലഭ്യമാക്കാനുള്ള എല്ലാവിധ സംവിധാനങ്ങളും പമ്പയിൽ ഒരുക്കിയിട്ടുണ്ട്. പരുക്കേറ്റവർക്ക് സൗജന്യമായി ചികിത്സയൊരുക്കും. ഇതു സംബന്ധിച്ച് ആ

രോഗ്യ വകുപ്പ് സെക്രട്ടറിക്കും ദേവസ്വം വകുപ്പ് സെക്രട്ടറിക്കും നിർദേശം നൽകിയിട്ടുണ്ട്. സന്നിധാനത്തെ തിരക്ക് നിയന്ത്രിക്കാൻ പൊലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരും ആശങ്കപ്പെടേണ്ടതില്ല-മന്ത്രി പറഞ്ഞു.

വടംപൊട്ടിയതുമൂലമല്ല അപകടമുണ്ടായതെന്നും തിരക്ക് വർധിച്ചതിനാലാണെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം ബോർഡംഗങ്ങളായ കെ. രാഘവൻ, അജയ് തറയിൽ, ദേവസ്വം കമ്മിഷണർ സി.പി. രാമരാജ പ്രേമപ്രസാദ്, ഐ.ജി. എസ്. ശ്രീജിത്ത് എന്നിവർ മന്ത്രിക്കൊപ്പമുണ്ടായിരുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 25 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


### തങ്ക അങ്കി ചാർത്തി, ഭക്തിനിർവൃതിയിൽ പൂങ്കാവനം; മണ്ഡലപൂജ ഇന്ന്

ശബരിമല: പൂങ്കാവനം നിറഞ്ഞുകവിഞ്ഞ ശരണം വിളികൾക്കിടയിൽ അയ്യപ്പസ്വാമി ഇന്നലെ തങ്ക അങ്കിയുടെ പൊൻപ്രഭയിൽ തേജോമയനായി. തേജോമയനായ ഭഗവാനെ ദർശിച്ച് ഭക്തലക്ഷങ്ങൾ സായുജ്യമടഞ്ഞു.

ആറൻമുള ക്ഷേത്രത്തിൽ നിന്ന് ആയിരങ്ങളുടെ അകമ്പടിയോടെ പുറപ്പെട്ട തങ്കി അങ്കി ഘോഷയാത്രയെ ഇന്നലെ ഉച്ചയ്ക്ക് പമ്പ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജി. രാജീവ്, സ്പെഷൽ ഓഫീസർ ടി.കെ. അജിത് പ്രസാദ്, വിജിലൻസ് ഓഫീസർ കെ.എസ്. വിനോദ്, പമ്പ മേൽശാന്തിമാരായ പരമേശ്വരൻ നമ്പൂതിരി, അനിൽകുമാർ എന്നിവർ ചേർന്ന് സ്വീകരിച്ച് ഗണപതിക്ഷേത്രത്തിന് മുന്നിൽ എത്തിച്ചു. ഉച്ചകഴിഞ്ഞ് മൂന്നുവരെ പമ്പയിൽ ദർശനത്തിനുശേഷം അയ്യപ്പസേവാസംഘം പ്രവർത്തകർ തങ്ക അങ്കി തലച്ചുമടായി ശരംകുത്തിയിലെത്തിച്ചു.  വൈകിട്ട് അഞ്ചുമണിയോടെ ശരംകുത്തിയിൽ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ, ദേവസ്വം പി

.ആർ.ഒ. മുരളി കോട്ടയ്ക്കകം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.എസ്. യതീന്ദ്രനാഥ്, സോപാനം സ്പെഷൽ ഓഫീസർ എസ്. അജിത് കുമാർ, പോലീസ് അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ കാർത്തികേയൻ ഗോകുലചന്ദ്രൻ, ദേവസ്വം വിജിലൻസ് എസ്.ഐ. കെ.പി. വിനോദ്, അസിസ്റ്റന്റ് എഞ്ചിനീയർ ജി. ബസന്ത്കുമാർ, സ്റ്റോർ സൂപ്രണ്ട് ടി ചന്ദ്രൻ, സന്നിധാനം എസ് ഐ വിനോദ്കുമാർ, ഡപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർ ജി.എസ് ലാൽ, സോപാനം അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ശ്രീകുമാർ, അക്കൗണ്ടന്റ് കിഷോർ ചന്ദ്രൻ എന്നിവരും സ്വീകരണത്തിനുണ്ടായിരുന്നു.

അയ്യപ്പസേവാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ദീപം തെളിച്ച് കർപ്പൂരാഴി ഒരുക്കിയാണ് തങ്ക അങ്കിക്കു സ്വീകരണം ഒരുക്കിയത്. തുടർന്ന് കുത്തുവിളക്ക്, നാദസ്വരം, തകിൽ, പഞ്ചവാദ്യം, ചെണ്ട തുടങ്ങിയ വാദ്യമേളത്തിന്റെ അകമ്പടിയോടെ സന്നിധാനത്തേക്കു നീങ്ങിയ ഘോഷയാത്രയെ ആറേകാലോടെ പതിനെട്ടാംപടിക്കു മുന്നിൽ ദേവസ്വം- സഹകരണ വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ ദേവസ്വംബോർഡ് അംഗങ്ങളായ ആർ. രാഘവൻ, അജയ് തറയിൽ എന്നിവരും  ജില്ലാ കളക്ടർ ആർ. ഗിരിജയും ചേർന്ന് സ്വീകരിച്ച് സോപാനത്തിലേക്ക് ആനയിച്ചു.

ദേവസ്വം ഓംബുഡ്സ്മാൻ റിട്ട. ജസ്റ്റിസ് പി.ആർ രാമൻ, സ്പെഷ്യൽ കമ്മീഷണർ എം മനോജ്, ദേവസ്വം കമ്മീഷണർ സിപി രാമരാജപ്രേമ പ്രസാദ്, ദേവസ്വം സെക്രട്ടറി കെ.ആർ ജ്യോതിലാൽ, ചീഫ് എഞ്ചിനീയർ (ജനറൽ) ജി മുരളീകൃഷ്ണൻ, ബോർഡ് സെക്രട്ടറി വി,എസ് ജയകുമാർ, പോലീസ് ചീഫ് കോർഡിനേറ്റർ നിതിൻ അഗർവാൾ, ദേവസ്വം വിജിലൻസ് ആൻഡ് സെക്യൂരിറ്റി പോലീസ് സൂപ്രണ്ട് രതീഷ് കൃഷ്ണൻ, ജില്ലാ കളക്ടർ ആർ ഗിരിജ, പത്തനംതിട്ട എസ്പി ഹരിശങ്കർ, പോലീസ് സ്പെഷ്യൽ ഓഫീസർ എൻ വി ജയകുമാർ, ഭണ്ഡാരം ചീഫ് ഓഫീസർ ബി. ഹരീന്ദ്രനാഥ്, ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ ജിഎസ് ബൈജു, പമ്പ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജി. കൃഷ്ണകുമാർ, എൻഡിആർഎഫ് ഡെപ്യൂട്ടി കമാൻഡന്റ് കപിൽ വർമൻ, അയ്യപ്പസേവാസംഘം സെക്രട്ടറി വേലായുധൻനായർ എന്നിവരും സ്വീകരണത്തിൽ പങ്കെടുത്തു.

തുടർന്ന് തന്ത്രി കണ്ഠര് രാജീവരും മേൽശാന്തി ടി. എം. ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേർന്ന്  തങ്കഅങ്കി ശ്രീകോവിലിനുള്ളിലേക്ക് ഏറ്റുവാങ്ങി. പിന്നീട് ദീപാരാധനയോടെ നട തുറന്നു. നാളെ ഉച്ചയ്ക്ക് 12നും 12.15നും മധ്യേ തങ്ക അങ്കി ചാർത്തി മണ്ഡലപൂജ നടക്കും.

വൈകിട്ട് രാത്രി പത്തുവരെ ദർശന സൗകര്യം ഉണ്ടാകും. ശേഷം ഭ ഗവാനെ രുദ്രാക്ഷമാല ധരിപ്പിച്ച് ഭസ്മാഭിഷേകം നടത്തി ധ്യാനനിര തനാക്കുന്നതോടെ നട അടയ്ക്കും. മൂന്നുദിവസത്തിനു ശേഷം മക രവിളക്ക് ഉത്സവത്തിനായി ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് നട തുറക്കും. ജനുവരി 14ന് മകരവിളക്കുവരെ ദർശനസൗകര്യം ഉണ്ടാ യിരിക്കും.

## കുരുന്നുകൾക്ക് സാന്ത്വനമേകി പോലീസ്

ശബരിമല: കനത്തതിരക്കിൽ ക്യൂവിൽ അകപ്പെട്ട് വിഷമിച്ച മണിക ണ്ഠൻമാർക്കും കുഞ്ഞു മാളികപ്പുറങ്ങൾക്കും സാന്ത്വനമേകി പൊലീ സ് അയ്യപ്പൻമാർ. ശബരീശന് തങ്ക അങ്കി ചാർത്തുന്ന ദിനമായിരുന്ന തിനാൽ വലിയനടപ്പന്തലിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പൻമാരാണ് കൂടുതലുണ്ടായിരു ന്നത്. തിരക്കാർന്ന മുതിർന്നവരുടെ ക്യൂവിൽ നിന്നു വിഷമിച്ച മണി കണ്ഠൻമാരെയും കുഞ്ഞു മാളികപ്പുറങ്ങളെയും പൊലീസുകാർ ക്യൂവിന്റെ അവസാനഭാഗത്തുള്ള പ്രത്യേക സ്ഥലത്തേക്ക് മാറ്റി ഇ രുത്തുകയായിരുന്നു. തുടർന്ന് കുട്ടികൾക്ക് വെള്ളവും ബിസ്കറ്റും നൽകി. രക്ഷിതാക്കളും ബന്ധുക്കളും വലിയ നടപ്പന്തലിലെ ക്യൂ ക ഴിഞ്ഞ് പതിനെട്ടാംപടിയിലേക്ക് കയറുമ്പോൾ ഇവരെ സുരക്ഷിതരാ യി തിരിച്ച് ഏൽപ്പിക്കും. വ്യത്യസ്ത ഭാഷക്കാരായ കുട്ടികൾ ഒരിട ത്ത് ഒത്തുകൂടിയത് കാഴ്ചക്കാരിൽ കൗതുകം പകർന്നു. കളിചിരി ക്ക് ഭാഷ പ്രശ്നമല്ലാതായി. രക്ഷിതാക്കൾ അടുത്തെത്തുന്നതുവരെ അവർ കളിയും ചിരിയുമായി കഴിഞ്ഞു..

## അയ്യപ്പസന്നിധിയിൽ ജീവനക്കാർക്ക് മണ്ഡലപൂജ സദ്യ

ശബരിമല:: ശബരിമലയിൽ മണ്ഡല പൂജയോടനുബന്ധിച്ച് ദേ വസ്വം ബോർഡ് സംഘടിപ്പിച്ച സദ്യ തന്ത്രി കണ്ഠര് രാജീവര് ഭദ്ര ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ശബരിമലയിലെ ദേവസ്വം ജീവനക്കാർക്കും സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന വിവിധ വ കുപ്പുകളിലെ ജീവനക്കാർക്കുമായാണ് സദ്യ ഒരുക്കിയത്. ആറായിര ത്തോളം പേർക്കാണ് പരിപ്പും പപ്പടവും കൂട്ടി സദ്യ നൽകിയത്. സ ദ്യയിൽ പഴം, പായസം, ഉപ്പേരി, ശർക്കരപുരട്ടി, പച്ചടി, കിച്ചടി, തോരൻ, അവിയൽ, രസം, പുളിശേരി, മോര്, സാമ്പാർ, ഇഞ്ചി, നാര ങ്ങ, കടുമാങ്ങ തുടങ്ങിയവ ഉൾപ്പെടെ വിഭവസമൃദ്ധമായ സദ്യ

യാണ് നൽകിയത്. ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് മെമ്പർമാരായ അജയ് തറയിൽ, കെ. രാഘവൻ, പത്തനംത്തിട്ട ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം കമ്മീഷണർ സി.പി. രാമരാജപ്രേമ പ്രസാദ്, മേൽശാന്തി ടി.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി, ശബരിമല സ്പെഷൽ കമ്മിഷണർ, വിജിലൻസ് എസ്.പി, എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ വിവിധ വകുപ്പ് മേധാവികൾ എന്നിവർ ചടങ്ങിലും സദ്യയിലും പങ്കെടുത്തു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 25 | 2016 |
| --- | --- |



**ശബരിമല പത്രക്കുറിപ്പ് 4**

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

---

## പമ്പയെ ശബരിമലയുടെ പ്രവേശന കവാടമാക്കും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

- പ്രസാദം പദ്ധതിയിലൂടെ 99 കോടി രൂപയുടെ വികസനപ്രവർത്തനം
- പമ്പാ നദിയുടെ സംരക്ഷണത്തിനായി ശുചിത്വ പമ്പ പദ്ധതി
- ത്രിവേണി പാലത്തിനു സമാന്തരമായി പുതിയ പാലം
- അടുത്ത മണ്ഡല-മകരവിളക്ക് കാലത്തേക്കുള്ള ഒരുക്കം ഫെബ്രുവരിയിൽ തുടങ്ങും

ശബരിമല: ശബരിമല പൂങ്കാവനത്തിലേക്കുള്ള പ്രവേശന കവാടമായി പമ്പയെ മാറ്റുമെന്ന് ദേവസ്വം-സഹകരണ വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സന്നിധാനത്തെ ദേവസ്വം സമുച്ചയത്തിൽ നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് 99 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പ്രസാദം പദ്ധതിയിലൂടെ നടപ്പാക്കും. പദ്ധതി

കൾക്ക് ഉന്നതാധികാര സമിതി മേൽനോട്ടം വഹിക്കും. ശബരിമല യുടെ മുഖഛായ മാറ്റുന്നതിനുള്ള പദ്ധതികൾക്ക് രൂപംനൽകിവരു ന്നു.

പമ്പയുടെ സൗന്ദര്യവത്കരണ പദ്ധതിക്കു തുടക്കം കുറിക്കും. പരി സ്ഥിതി സംരക്ഷണത്തിലൂന്നി പമ്പാ നദിയെസംരക്ഷിക്കുന്നതിനാ യി 'ശുചിത്വ പമ്പ' എന്ന പേരിൽ പദ്ധതി ആരംഭിക്കും. പമ്പയിൽ അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കും. തീർഥാട കർ പമ്പയിൽ മുങ്ങുന്നതിനു മുമ്പ് അവരുടെ ശരീരം വൃത്തിയാക്കു ന്നതിനായി ഷവർ സംവിധാനം സ്ഥാപിക്കും. നദി മലിനമാക്കപ്പെടു ന്നത് തടയാനാണിത്.

ത്രിവേണി പാലത്തിനു സമാന്തരമായി പമ്പയിൽ പുതിയ പാലം നിർമിക്കും. സന്നിധാനത്തെ വലിയ നടപ്പന്തൽ നവീകരിക്കും. ഇവി ടെ തീർഥാടകർക്ക് ഇരിപ്പിട സൗകര്യം ഒരുക്കും. വഴിപാട് കൂപ്പ ണുകൾ, കുടിവെള്ളം എന്നിവ ഇവിടെ ലഭ്യമാക്കുന്നതിനുള്ള സംവി ധാനം ഏർപ്പെടുത്തും.

വ്യവസായി രവി പിള്ള സ്പോൺസർ ചെയ്ത മൂന്നുകോടിരൂപയു ടെ അരവണ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനു നടപടിയെടുക്കും. ഇ തിന് നാലു കോടി രൂപയാണ് മൊത്തം ചെലവു പ്രതീക്ഷിക്കുന്നത്. നിർമാണ ചുമതല പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഏൽപ്പിക്കും. നിലവിലുള്ള അരവണ പ്ലാന്റിനേക്കാൾ രണ്ടിരട്ടി ഉത്പാദന ശേഷിയുള്ളതാണ് പുതിയ പ്ലാന്റ്.

ശബരിമലയിലെ പ്ലാസ്റ്റിക്-ജൈവ മാലിന്യങ്ങൾ വേർതിരിച്ച് സം സ്ക്കരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകും. പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ പ്രോട്ടോക്കോൾ മികച്ച രീതിയിൽ നട പ്പാക്കും.

പമ്പയിൽ മനുഷ്യവിസർജ്ജ്യം ഒഴുക്കാതിരിക്കാൻ ആറു ദശലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഹോൾഡിങ് ടാങ്ക് സ്ഥാപിച്ചത് ഗുണ കരമായി. ശബരിമലയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതി ന് സർക്കാർ സ്വീകരിച്ച നടപടികൾക്ക് ഇതു കരുത്തു പകരുന്നു. മ ണ്ഡലകാലം പരിസ്ഥിതി സൗഹൃദമാക്കാൻ കഴിഞ്ഞത് പ്രധാനനേട്ട മാണ്. പ്ലാസ്റ്റിക് പരമാവധി ഒഴിവാക്കുന്നതിൽ വിജയിച്ചു.

ഭണ്ഡാരത്തിലെ വരുമാനം എണ്ണുന്നത് കൂടുതൽ സുതാര്യമാക്കാനു

ള്ള നടപടികൾ സ്വീകരിച്ചു. പരാതികളും പരിഭവങ്ങളുമില്ലാതെ മിക ച്ച സേവനങ്ങൾ നൽകി മണ്ഡലകാലം പൂർത്തീകരിക്കാനായെന്നും മന്ത്രി പറഞ്ഞു.

മകരവിളക്ക് ഉത്സവം കഴിഞ്ഞാലുടൻ അടുത്ത മണ്ഡലകാലത്തേക്കു ള്ള ഒരുക്കം തുടങ്ങും. മണ്ഡലകാലം ആരംഭിക്കുന്നതിന് തൊട്ടു മു മ്പുമാത്രം ഒരുക്കം ആരംഭിക്കുന്ന രീതി മാറ്റും. ജനുവരി 30നകം കൂ ടിയാലോചനകൾ നടത്തി ഫെബ്രുവരിയിൽ പ്രവർത്തനങ്ങൾക്കു തുടക്കമിടും. ടെണ്ടർ നടപടികളടക്കം നേരത്തേ പൂർത്തീകരിക്കും. പദ്ധതികളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിന് കലണ്ടർ തയാറാക്കും. ഇതനുസരിച്ച് ചിട്ടയായി പ്രവർ ത്തനം നടത്തും.

വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് മെച്ചപ്പെട്ട സൗ കര്യങ്ങൾ തീർഥാടകർക്ക് ലഭ്യമാക്കാനായി. എല്ലാവകുപ്പുകളും വള രെ നല്ല നിലയിൽ പ്രവർത്തിച്ചതായും മന്ത്രി പറഞ്ഞു. ശബരിമലയു ടെ വികസനത്തിനായി കൂടുതൽ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർ ഡംഗങ്ങളായ കെ. രാഘവൻ, അജയ് തറയിൽ, ദേവസ്വം കമ്മിഷ ണർ സി.പി. രാമരാജ പ്രേമപ്രസാദ്, ദേവസ്വം ചീഫ് എൻജിനീയർ ജി. മുരളീകൃഷ്ണൻ, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം എന്നിവർ പ ങ്കെടുത്തു.

## തിക്കിലും തിരക്കിലുംപെട്ട്<br>31 തീർഥാടകർക്കു പരുക്ക്

ശബരിമല: മാളികപ്പുറം ക്ഷേത്രത്തിന് സമീപം തിക്കിലും തിരക്കി ലുംപെട്ട് 31 തീർത്ഥാടകർക്ക് പരുക്കേറ്റു. എട്ടുപേരെ വിദഗ്ധചികി ത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളജിലേക്ക് മാറ്റി. നാലുപേരെ പത്തനംതിട്ടയിലെ ആശുപത്രിയിലും പ്രവേശിപ്പിച്ചു. തമിഴ്നാട്, ആ ന്ധ്ര, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള തീർഥാടകർ ക്കാണ് പരുക്കേറ്റത്. തമിഴ്നാട്ടിൽനിന്നുള്ള ബാലസുബ്രഹ്മണ്യൻ, ഗുരുവമ്മാൾ (62), വാസകൻ (19), സുരേഷ് (34) ചെന്നൈ, ബാ ലു(47), മോഹനൻ (38), കുമാർ (47), കല്യാൺ സുന്ദരം (52), രാമജ യം (50), മഹേഷ് (43), ജീവാനന്ദം(14), തിരിഞ്ഞാണം(55), അളക് മോൽ(40), മുത്തു (48), ബാലകൃഷ്ണൻ (30), ശിവജി(28), രാജശേ

ഖരൻ(27), മുനിയൻ(30). ആന്ധ്രാ സ്വദേശികളായ അഖിൽ(28), ജയൻ(28), ബുച്ചുരാജ്(48). തെലുങ്കാന സ്വദേശികളായ എം. സിദ്ധാർത്ഥ(20), രാജേഷ്(27) കർണാടകയിൽനിന്നുള്ള വിനീത്(20), മലയാളിയായ സുഭാഷ്(51), കാളി (56) എന്നിവർക്കാണ് പരുക്കേറ്റത്.

**കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർ:** കുമാർ നായിക് (35), അയന്നൂർ, കർണാടക, ഗുരുവമ്മാൾ(62), രാജപാളയം, തമിഴ്നാട്, സി. എച്ച്. എസ്. ബുജിരാജ്(49), ഈസ്റ്റ് ഗോദാവരി, ആന്ധ്ര, ശ്രീനിവാസറാവു(45) കൊത്തപ്പേട്ട, ഈസ്റ്റ് ഗോദാവരി ആന്ധ്ര, നിഖിൽ(24) തെലങ്കാന, ബാലസുബ്രഹ്മണ്യം(46), പരലൂർ, തമിഴ്നാട്, വെങ്കിടാചലം(66), എഗ്മോർ, ചെന്നൈ.

# പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമല: സന്നിധാനത്ത് ബാരിക്കേഡ് തകർന്ന് അപകടത്തിൽപ്പെട്ടവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുമെന്ന് ദേവസ്വം മന്ത്രി കടകം പള്ളി സുരേന്ദ്രൻ അറിയിച്ചു. ദേവസ്വംബോർഡ് സമുച്ചയത്തിൽ നടത്തിയ പത്രസമ്മേളനത്തിനിടയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കൂടുതലും ആന്ധ്ര, തെലങ്കാന, തമിഴ്നാട് സ്വദേശികളാണ് അപകടത്തിൽപ്പെട്ടത്. ഇത്തരം അപകടങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള ശാസ്ത്രീയ ക്രമീകരണങ്ങളെക്കുറിച്ച് ആലോചിക്കും. സന്നിധാനത്ത് അപകടമുണ്ടാകുമ്പോൾ ദേശീയ ദുരന്തനിവാരണ സേനാംഗങ്ങളും പോലീസുകാരും ഉൾപ്പെടെ 71 പേർ ജോലിയിലുണ്ടായിരുന്നു. അപകട സ്ഥലത്ത് മാത്രം ഒമ്പതു പേരും. ദീപാരാധനയ്ക്കു ശേഷം നടതുറന്നപ്പോൾ ഉണ്ടായ തിക്കും തിരക്കും കാരണമാണ് ബാരിക്കേഡ് ചെരിഞ്ഞത്. ചിലർ വീണപ്പോൾ അവരെ ചവുട്ടി മറ്റുള്ളവർ കടന്നു. എന്തായാലും പ്രശ്നം എത്രയും വേഗം നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞതായി മന്ത്രി പറഞ്ഞു. കഴിഞ്ഞ 40 ദിവസമായി വൻതിരക്കാണ് അനുഭവപ്പെട്ടത്. ഇതുവരെ നല്ലനിലയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ദേവസ്വം ബോർഡിനും വിവിധ വകുപ്പുകൾക്കും കഴിഞ്ഞു. തങ്കി അങ്കി ഘോഷയാത്ര എത്തുമ്പോൾ സന്നിധാനത്ത് ഇത്രവലിയ തിരക്ക് അനുഭവപ്പെടുന്നത് ആദ്യമായാണെന്നും മന്ത്രി പറഞ്ഞു.

## സ്ത്രീ പ്രവേശനം: കോടതി നിലപാട് മാനിക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമല: ശബരിമലയിലെ സ്ത്രീ പ്രവേശനത്തിന്റെ കാര്യത്തിൽ സുപ്രീംകോടതിയുടെ വിധി മാനിക്കുക എന്നതാണ് സർക്കാരിന്റെ കടമയെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പത്രസമ്മേളനത്തിൽ പറഞ്ഞു. വിധി വരുന്നതുവരെ നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും തുടരും. ഇക്കാര്യത്തിൽ സർക്കാർ നിലപാട് കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും സമൂഹത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. ഈ അഭിപ്രായങ്ങളെല്ലാം മാനിച്ചുകൊണ്ടുള്ള വിധി ഉണ്ടാകുമെന്നാണു സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.